"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ
ധനകാര്യ (റൂൾസ്- ബി) വകുപ്പ്

നം.24/2026/ധന                                    തീയതി, തിരുവനന്തപുരം, 11.06.2026

## സർക്കുലർ

വിഷയം : - 2026-27 സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ പീരിയോഡിക്കൽ സറണ്ടർ - തുടർ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന : - 1. സ.ഉ. (അ) നം. 136/2022/ധന. തീയതി 04/11/2022.
2. സ.ഉ. (അ) നം. 56/2026/ധന. തീയതി 15/03/2026.

2026-27 സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ പീരിയോഡിക്കൽ സറണ്ടർ സൂചന 2 ലെ സർക്കാർ ഉത്തരവ് പ്രകാരം 31/05/2026 വരെ ചില നിയന്ത്രണങ്ങൾക്ക് വിധേയമായി അനുവദനീയമായിരുന്നു. ഇത് പുനഃപരിശോധിക്കുന്നതായിരിക്കും എന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി 01/06/2026 മുതൽ ചില സ്ഥാപനങ്ങളിൽ 2026-27 സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ പീരിയോഡിക്കൽ സറണ്ടർ അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ തുടർന്ന് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ, 01/06/2026 മുതൽ നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ പീരിയോഡിക്കൽ സറണ്ടർ അനുവദിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

2. സൂചന 1 ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, ഈ നിർദ്ദേശങ്ങൾ വിവിധ സർക്കാർ വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, മറ്റു സ്വയംഭരണ സ്ഥാപനങ്ങളും, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളും, സർവകലാശാലകളും, ക്ഷേമനിധി ബോർഡുകളും, കമ്മീഷനുകളും, സഹകരണ സ്ഥാപനങ്ങളും, പൊതുമേഖലാ സ്ഥാപനങ്ങളും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും, സർക്കാർ സഹായം ലഭിക്കുന്ന മറ്റു സ്ഥാപങ്ങളും, അപ്പെക്സ് സൊസൈറ്റികളും, നിയമപ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളും, സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് ശമ്പളം നൽകുന്ന ഭരണഘടനാ സ്ഥാപനങ്ങളും, കൂടാതെ സംസ്ഥാന സർക്കാർ രൂപീകരിച്ചതോ നിയന്ത്രിക്കുന്നതോ ആയ മറ്റ് എല്ലാ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

3. എല്ലാ സ്ഥാപന/വകുപ്പ് മേധാവികളും, ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരും, ട്രഷറി ഓഫീസർമാരും ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഗൗരവമായി കണ്ട് സൂചന 1 ലെ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.ആർ.ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് – II ), കേരള, തിരുവനന്തപുരം.
ബഹു. ഗവർണ്ണറുടെ സെക്രട്ടറി, ലോക് ഭവൻ.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർ.
സെക്രട്ടറിയേറ്റിലെ നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾ/സെക്ഷനുകൾ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
കേരളത്തിലെ എല്ലാ സർവകലാശാല രജിസ്ട്രാർമാർ.
എല്ലാ കമ്മീഷനുകളുടേയും സെക്രട്ടറിമാർ.
എല്ലാ സർക്കാർ കമ്പനികളുടേയും / പൊതുമേഖലാസ്ഥാപനങ്ങളുടേയും / ബോർഡുകളുടേയും / കോർപ്പറേഷനുകളുടേയും മാനേജിംഗ് ഡയറക്ടർമാർ / ജനറൽ മാനേജർമാർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് (പി.എം.യു).
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ. 1491187, RULES-B1/12/2020-FIN).

പകർപ്പ് :-

ബഹു. നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. മുഖ്യമന്ത്രിയുടെയും ബഹു. മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ